# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.469/PR/PIC/PHQ/15                                                  Date :22.07.2015

---

## ഇരുചക്ര വാഹന യാത്രക്കാർക്ക് സുരക്ഷാ ബോധവത്കരണം

സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം നടത്താൻ സംസ്ഥാന പോലീസ് മേധാവി ടി.പി.സെൻകുമാർ നിർദ്ദേശിച്ചു. 2014-ാം മാണ്ടിൽ കേരളത്തിലുണ്ടായ 36282 വാഹന അപകട കേസുകളിൽ 13167 വാഹന അപകടങ്ങളിൽപ്പെട്ടത് ഇരുചക്രവാഹനങ്ങളാണ്. ഈ വാഹന അപകടങ്ങളിൽപ്പെട്ട് 1343 പേർ മരിക്കുകയും 13713 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മരിച്ചവരിൽ നല്ലൊരു ശതമാനവും ഹെൽമറ്റ് ഇല്ലാതെ വാഹനം ഓടിച്ചവരാണ്. ഈ പശ്ചാത്തലത്തിലാണ് ഇതുസംബന്ധിച്ച നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി നൽകിയത്.

ഇരുചക്രവാഹനങ്ങൾ ഒട്ടും സ്ഥിരതയില്ലാത്ത അല്പം മാത്രം റോഡ് ബന്ധമുള്ള എപ്പോഴും മറിഞ്ഞുവീഴാവുന്ന വാഹനമാണ്. വാഹനത്തിന്റെ വേഗപരിധി പാലിക്കണം. ഇരുചക്രവാഹനങ്ങൾക്ക് പോകാവുന്ന പരമാവധി വേഗത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കരികെ 30 കി.മീ, മലമ്പാതയിൽ 45 കി.മീ, കോർപ്പറേഷൻ/മുനിസിപ്പൽ ഏരിയകളിൽ 50 കി.മീ, N.H-ൽ 60 കി.മീ, S.H-ൽ 50 കി.മീ, നാലുവരിപാതയിൽ 70 കി.മീ, മറ്റു സ്ഥലങ്ങളിൽ 50 കി.മീ ആണ്. മണിക്കൂറിൽ 50 കിലോമീറ്റർ വേഗത്തിൽ ഓടുന്ന വാഹനത്തിൽ നിന്നു വീഴുമ്പോഴുണ്ടാകുന്നത്ര ആഘാതം ഏകദേശം മൂന്നുനില കെട്ടിടത്തിൽ നിന്ന് വീഴുന്നതിന് തുല്യമാണ്. വീഴുമ്പോൾ ആദ്യം തറയിലടിക്കുന്നത് തലയാണ്. ആയതിനാൽ MV Act 129-ാം വകുപ്പിൽ പറയുന്ന വിധത്തിൽ ഇരുചക്രവാഹനം ഓടിക്കുന്നവർ നിർബന്ധമായും ഹെൽമെറ്റ് ചിൻസ്ട്രാപ്പിട്ട് ധരിക്കുക വഴി തലയ്ക്കുള്ള ആഘാതം ഗണ്യമായി കുറയ്ക്കാം. ഹെൽമെറ്റിനുള്ളിലെ EPS ഫോം ആഘാതം തലയിൽ എത്തുന്നത് കുറയ്ക്കുമെന്നതിനാൽ ഗുണനിലവാരമുള്ള (ISI Mark) ഹെൽമെറ്റ് മാത്രം ധരിക്കണം. റോഡിന്റെ ഇടതുവശം ചേർന്ന് വാഹനം ഓടിക്കണം. ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നതുവഴി ധാരാളം പേർ ഇന്ന് അപകടത്തിൽപ്പെടുന്നുണ്ട്. അതിനാൽ മറ്റു വാഹനങ്ങളെ അവയുടെ വലതു വശത്തുകൂടി മാത്രം മറികടക്കണം. ഇൻഡിക്കേറ്റർ അനാവശ്യമായി ഓൺ ചെയ്ത് വണ്ടി ഓടിക്കരുത്. മറ്റ് വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് നൽകുന്ന മുന്നറിയിപ്പ് അനുസരിച്ച് പ്രതികരിക്കാൻ സമയം നൽകണം. പെട്ടെന്നുള്ള

വലതുവശം തിരിയൽ (Right Turn), 'U' ആകൃതിയിൽ തിരിയൽ (U - turn) എന്നിവ വളരെയധികം അപകട സാദ്ധ്യതയുണ്ടാക്കുന്നതാണ്. വാഹനത്തിന്റെ പുറകിൽ ഇരിക്കുന്ന വ്യക്തിയുമായി കൈകാലുകൾ നിവർത്തിയുള്ള സംസാരത്തിൽ ഏർപ്പെടരുത്. യാതൊരു കാരണവശാലും പിന്നിലെ യാത്രികൻ കൈകൊണ്ട് സിഗ്നൽ കാണിക്കാൻ പാടുള്ളതല്ല. വളവുകളിലും കവലകളിലും റോഡിന്റെ മുൻഭാഗം കാണുവാൻ പാടില്ലാതിരിക്കുമ്പോഴും മറ്റ് വാഹനങ്ങളെ മറികടക്കരുത്. മെയിൻ റോഡിലേക്ക് കയറുമ്പോൾ ആദ്യം വലത്തോട്ടും പിന്നെ ഇടത്തോട്ടും പിന്നീട് വലത്തോട്ടും നോക്കി മെയിൻ റോഡിൽ കൂടി വരുന്ന വാഹനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് മാത്രം പ്രവേശിക്കണം. മുന്നിലുള്ള വാഹനവുമായി സുരക്ഷിതമായ അകലം പാലിക്കണം. ബ്രേക്ക് ചെയ്താൽ നിർത്താവുന്ന ദൂരം സ്പീഡ് കൂടുമ്പോൾ കൂടും. ചാറ്റൽ മഴയോ, ഓയിലോ, ചെളിയോ ഉള്ളപ്പോൾ ഈ ദൂരം സാധാരണ വേണ്ടി വരുന്ന ദൂരത്തിന്റെ ഇരട്ടിയിൽ കൂടുതൽ വരും. മദ്യത്തിന്റെയോ, മയക്കുമരുന്നിന്റെയോ ലഹരിയിലായിരിക്കുമ്പോഴും, കൂടുതൽ തളർച്ച ഉള്ളപ്പോഴും, ഉറക്കം വരുമ്പോഴും വാഹനം ഓടിക്കരുത്. ഒരു കാരണവശാലും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കരുത്. റോഡിൽ ഗട്ടറുകളുണ്ടെങ്കിൽ അവയുടെ ഇടതുവശത്തുകൂടി മാത്രം സഞ്ചരിക്കണം. മത്സര ഓട്ടം ഒഴിവാക്കണം - ഇവയാണ് പ്രധാന നിർദ്ദേശങ്ങൾ.

ഹെൽമെറ്റില്ലാതെ വാഹനമോടിക്കുന്നതുൾപ്പെടെ ഇരുചക്രവാഹനമോടിക്കുന്നവരുടെ നിയമലംഘനം തടയാൻ പരിശോധന കൂടുതൽ കർശനമാക്കാനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.